# സെക്കണ്ടറി
# മലയാളം (232)
# MALAYALAM
## നിർദ്ദിഷ്ട പഠനപ്രവർത്തനം
## Tutor Marked Assignments

പരമാവധി മാർക്ക് : 20
Max Marks : 20

---

**കുറിപ്പ് :** (i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിനും അനുവദിച്ചിട്ടുള്ള മാർക്ക് ചോദ്യത്തോടൊപ്പം കൊടുത്തിരിക്കുന്നു.
(ii) ഉത്തരക്കടലാസിന്റെ ഒന്നാം പുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയന കേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് തുടങ്ങിയവ മുകൾഭാഗത്തായി എഴുതുക

**I. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) 'എന്തെന്റെ മാവേലീ ഓണം വന്നു' എന്ന് പെൺകുട്ടി ആകുലപ്പെടാൻ കാരണമെന്ത് ?

(ആധാരം : പാഠം 1) ( 2 മാർക്ക് )

(2) നിങ്ങൾ പങ്കെടുത്ത ഒരു ആഘോഷത്തെക്കുറിച്ച് സംക്ഷേപിച്ചെഴുതുക ?

(ആധാരം : പാഠം 13) ( 2 മാർക്ക് )

**II. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) ഡയറിക്കുറിപ്പുകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

(ആധാരം : പാഠം 6) ( 2 മാർക്ക് )

(2) താഴെ കൊടുത്തിരിക്കുന്ന ചാർട്ട് പരിശോധിച്ച് നിഗമനങ്ങൾ സംഗ്രഹിക്കുക




(ആധാരം : പാഠം 12) ( 2 മാർക്ക് )

**III. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) നിങ്ങൾ പഠിച്ച വിദ്യാലയത്തിന്റെ മേലധികാരിക്ക് സമർപ്പിക്കുവാൻ വിടുതൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ തയ്യാറാക്കുക ?

(ആധാരം : പാഠം 9) ( 2 മാർക്ക് )

(2) താഴെ കൊടുത്തിട്ടുള്ള പദങ്ങൾ ഉപയോഗിച്ച് രണ്ട് വാക്യങ്ങൾ നിർമ്മിക്കുക

മണ്ണടിയുക

കഠിനാധ്വാനം

(ആധാരം : പാഠം 11 ) ( 2 മാർക്ക് )

**IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) ആശയവിപുലനം ചെയ്യുക

'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിന്നു കൗതുകം '

(ആധാരം : പാഠം 17 ) ( 4 മാർക്ക് )

(2) ജാവാമനുഷ്യരുടെ പ്രത്യേകതകൾ എന്തെല്ലാം ?

(ആധാരം : പാഠം 11 ) ( 4 മാർക്ക് )

**V. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) ''നീലകണ്ഠസ്വാമിയെപ്പോൽ
വിഷം താനേ ഭുജിച്ചിട്ടു
പ്രാണവായു തരുന്നോനാ -
യിത തൊഴുന്നേൻ ''

വൃക്ഷം എങ്ങനെ ആരാധ്യമാകുന്നു എന്നാണ് ഈ വരികളിലൂടെ സുഗതകുമാരി സൂചിപ്പിക്കുന്നത് ?

(ആധാരം : പാഠം 20) ( 4 മാർക്ക് )

(2) നിങ്ങൾ താമസിക്കുന്ന പ്രദേശത്തിന്റെ സവിശേഷതകളെക്കുറിച്ച് ഒരു ലഘു ഉപന്യാസം തയ്യാറാക്കുക

(ആധാരം : പാഠം 25 ) ( 4 മാർക്ക് )

**VI. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 500 വാക്കിൽ ഉത്തരമെഴുതുക.**

(1) നിങ്ങളെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ള ഒരു പുസ്തകത്തെക്കുറിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

(ആധാരം : പാഠം 4 ) ( 6 മാർക്ക് )

(2) നിങ്ങളുടെ പ്രദേശത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെക്കുറിച്ചും അതൊഴിവാക്കുവാൻ സ്വീകരിക്കേണ്ട അടിയന്തരനടപടികളെക്കുറിച്ചും ജില്ലാ കളക്ടർക്ക് ഒരു കത്തെഴുതുക

(ആധാരം : പാഠം 9) ( 6 മാർക്ക് )